LIBRARY ARCHIVES Kerala Legislative Assembly

**ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ കുട്ടികളുടെ വാർഡ് തുറക്കാൻ നടപടി**

**114 (2243)** ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ കുട്ടികളുടെ വാർഡ് പൂട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കെട്ടിടം രോഗികളെ കിടത്തി ചികിത്സിക്കാൻ പറ്റാത്തതാണെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കുട്ടികളെ കിടത്തി ചികിത്സിക്കുന്നതിന് എന്ത് സൗകര്യമാണ് ചെയ്യാൻ പോകുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) മുനിസിപ്പാലിറ്റി ഫണ്ട് ഉപയോഗിച്ച് ഒരു പഴയ സ്റ്റോർ റും പന്ത്രണ്ട് (12) ബെഡ്ഡോടുകൂടിയ കുട്ടികളുടെ വാർഡ് ആക്കിമാറ്റി ഉപയോഗിക്കുന്നുണ്ട്.

**ആംബുലൻസ് സർവീസ് യോഗ്യമാക്കാൻ നടപടി**

**115 (2244)** ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പട്ടാമ്പി ആശുപത്രിയിലെ അപകടം പറ്റിയ ആംബുലൻസ് ഒരു വർഷം കഴിഞ്ഞിട്ടും എന്തുകൊണ്ട് റിപ്പയർ ചെയ്ത് പുറത്തിറക്കുന്നില്ലെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ആംബുലൻസ് സർവീസ് യോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടാമ്പി ഗവൺമെന്റ് ആശുപത്രിയിലെ ആംബുലൻസ് അറ്റകുറ്റപ്പണി നടത്തുന്നത് ആശുപത്രി വികസന സമിതിയാണ്. ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് വാഹനം പണി തീർത്ത് ഇറക്കാൻ കഴിയാത്തത്.

(ബി) ആശുപത്രി വികസന സമിതിക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വാഹനം ഗതാഗതയോഗ്യമാക്കുന്നതാണ്.